ഇഹ്സാൻ

# 'മുഷി'ന്റെ യജമാനസേവ

തെരുവിലിറങ്ങുമ്പോൾ യൂനിഫോം ധരിക്കുന്നത് ഒഴിവാക്കുന്നതാണ് നല്ലതെന്ന് പാകിസ്താന്റെ വടക്കു പടിഞ്ഞാറൻ പ്രവിശ്യകളിലെ പട്ടാളക്കാരോട് പ്രസിഡന്റ് പർവേസ് മുശർറഫ്. യൂനിഫോമാണ് തന്റെ അധികാരത്തിന്റെ പ്രതീകമെന്ന് മനസ്സിലാക്കുന്ന, മയ്യിത്ത് നമസ്കാരത്തിൽ പോലും പട്ടാളവേഷത്തിൽ പ്രത്യക്ഷപ്പെട്ട അതേ മുശർറഫിന് തന്നെയാണ് ഈ ഉത്തരവ് പുറപ്പെടുവിക്കേണ്ട ഗതികേടുണ്ടായത്. പാക് സൈന്യം അതിന്റെ ചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട അവസ്ഥയിലൂടെയാണ് കടന്നുപോകുന്നതെന്ന റിപ്പോർട്ടുകൾക്കിടയിൽ അധികമൊന്നും ആരുടെയും കണ്ണിൽ പെടാതെ പോയ വാർത്തയാണ് അതിർത്തി സംസ്ഥാനങ്ങളിലെ പട്ടാളക്കാർ നേരിടുന്ന ഈ ദുരവസ്ഥ. സ്വന്തം രാജ്യത്തെ സംരക്ഷിക്കാൻ പുറപ്പെട്ടുപോയ ഇവരെ ജനങ്ങൾ ആത്മഹത്യാ സ്ക്വാഡുകൾ രൂപീകരിച്ച് നേരിടുന്നതിന്റെ വാർത്തകൾ വ്യാപകമായതോടെയാണ് മുശർറഫ് തന്റെ സൈനികരോട് 'കുപ്പായം' അഴിച്ചുവെച്ച് നടക്കാൻ ഉപദേശിച്ചത്. ഒടുവിലത്തെ റിപ്പോർട്ടുകൾ പ്രകാരം ഇത് വടക്കു പടിഞ്ഞാറൻ സംസ്ഥാനങ്ങളിലെ മാത്രം സ്ഥിതിയുമല്ല. ഇതിനിടെ മുശർറഫ് സഞ്ചരിച്ച വിമാനത്തിനു നേർക്ക് റോക്കറ്റാക്രമണം ഉണ്ടാവുകയും ചെയ്തു. സ്വാത്ത്, ഇസ്‌ലാമാബാദ്, ഡി.ഐ. ഖാൻ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന ചാവേർ ആക്രമണങ്ങൾ സൈനികഭരണകൂടത്തെയാണ് ലക്ഷ്യംവെക്കുന്നതെന്ന് പ്രതിരോധ മന്ത്രാലയ വക്താവ് ജാവേദ് ഇഖ്ബാൽ ചീമ സമ്മതിക്കുകയുണ്ടായി.

ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കെ 1984-ൽ സിഖ്ദേവാലയമായ സുവർണക്ഷേത്രത്തിൽ നടന്ന വെടിവെപ്പിനെ അനുസ്മരിപ്പിക്കുന്നതാണ് ഇസ്‌ലാമാബാദിലെ ലാൽ മസ്ജിദിൽ ഉണ്ടായ സൈനികനടപടിയെന്നാണ് പലരും വിലയിരുത്തുന്നത്. 'രാജ്യത്തിന്റെ അധികാര വ്യവസ്ഥയെ വെല്ലുവിളിച്ച് ആരാധനാലയത്തിനകത്ത് കയറിക്കൂടിയ തീവ്രവാദികളെയാണ് അന്ന് ഇന്ത്യയിൽ സൈന്യം വെടിവെച്ചുകൊന്നത്. രണ്ടിടത്തും ഈ തീവ്രവാദികൾക്ക് ജന്മം നൽകിയത് അവരെ പിൽക്കാലത്ത് കൊന്നുമുടിച്ച സർക്കാറുകൾ തന്നെയായിരുന്നു. ഭീന്ദ്രൻവാലക്ക് ഇന്ദിരാഗാന്ധി ജന്മം കൊടുത്തതുപോലെ തന്നെയാണ് ഗാസി സഹോദരന്മാരെ പാക് സൈന്യം വളർത്തികൊണ്ടുവന്നത്. ഇവരുടെ ചെയ്തികൾ പിൽക്കാലത്ത് സർക്കാറിനു തന്നെ വിനയായപ്പോൾ പാലു കൊടുത്ത കൈകൾ കൊണ്ടുതന്നെ ഉദകക്രിയയും ചെയ്യേണ്ടിവന്നു' പാക് സൈന്യത്തിലെ അഴിമതിയെ കുറിച്ച് ഈയിടെ ശ്രദ്ധേയമായ പുസ്തകം രചിച്ച ആഇശ സിദ്ദീഖ എഴുതുന്നു. പാകിസ്താനിൽ മുശർറഫിന്റെ ജനപ്രീതി ഇതോടെ വർധിച്ചതായും അവർ എഴുതുന്നു. സെക്യുലറിസ്റ്റുകളുടെ ഈ പൊതുകാഴ്ചപ്പാടിൽ വസ്തുതയുണ്ടെന്ന് ഒറ്റനോട്ടത്തിൽ തോന്നും. പക്ഷേ യാഥാർഥ്യം മറിച്ചാണ്. ഓപ്പറേഷൻ ബ്ലൂസ്റ്റാറിൽ ഒരു പ്രത്യേക വിഭാഗത്തിൽ പെടുന്ന വിമതരെ മാത്രമായിരുന്നുവല്ലോ സൈന്യത്തിന് നേരിടേണ്ടിവന്നത്. ഒരു ജനതയെ ഒന്നടങ്കം മുശർറഫ് നേരിടുന്നതിന്റെ തുടക്കമാവുന്നുണ്ടെന്നാണ് പാകിസ്താൻ നൽകുന്ന സൂചനകൾ.

സംഭവത്തിൽ സൈന്യം കൊലപ്പെടുത്തിയ അബ്ദുർറശീദ് ഗാസി അവസാനമായി എഴുതിയ കത്തിൽ അക്കമിട്ട് പറയുന്ന കാര്യങ്ങൾ സൈനികഭരണകൂടത്തിന്റെ ജീർണതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പാകിസ്താനിലെ അഴിമതിയും ആഭാസവും സ്വജനപക്ഷപാതിത്വവും നഗ്നതാ സംസ്കാരവും കുത്തഴിഞ്ഞ ജീവിതരീതിയും മാറ്റിയെടുക്കണമെന്നും രാജ്യത്തെ മാതൃകാ ഇസ്‌ലാമിക രാജ്യമാക്കണമെന്നും ആവശ്യപ്പെട്ടാണ് തങ്ങൾ സമരം ആരംഭിച്ചതെന്ന് ഗാസി പറയുന്നു. മരിക്കുന്നതിൽ ഒരു ഭയവുമില്ലാതെയാണ് തങ്ങൾ ലാൽ മസ്ജിദിൽ ഒത്തുചേർന്നതെന്നും മൗലാനാ അസീസ് ഇക്കൂട്ടത്തിൽനിന്ന് ബുർഖ ധരിച്ച് പുറത്തുപോകാനിടയായത് സൈന്യവും സൈന്യത്തിന്റെ കാവലാളുകളായ മാധ്യമങ്ങളും ചേർന്നൊരുക്കിയ കെണിയായിരുന്നെന്നും കത്തിൽ അദ്ദേഹം ആരോപിക്കുന്നു. സമരത്തിന്റെ അടിസ്ഥാന ലക്ഷ്യത്തെ ഈ ദുരൂഹ സംഭവം ഉപയോഗിച്ച് കരിവാരിത്തേക്കാൻ അവർക്കു കഴിഞ്ഞു- *അൽ ഹിസ്ബ ഡോട്ട് ഓർഗ്* പ്രസിദ്ധീകരിച്ച എഴുത്ത് പറയുന്നു. സൈന്യത്തെ ഉപയോഗിച്ച് വിദ്യാർഥികളെ നേരിട്ട മുശർറഫിനെതിരെ രാജ്യത്തുടനീളം ജനരോഷം ആളിക്കത്തുന്നതായാണ് റിപ്പോർട്ട്. അതേസമയം ആ രാജ്യത്തുനിന്നുള്ള പത്രങ്ങൾ പലതും ഒളിപ്പിച്ചുവെക്കുന്നുണ്ട്. പുറത്തറിഞ്ഞതിന്റെ എത്രയോ ഇരട്ടിയാണ് വെടിവെപ്പിൽ കൊല്ലപ്പെട്ട വിദ്യാർഥികളുടെ എണ്ണമെന്നാണ് ആരോപണം. ലാൽ മസ്ജിദ് വെടിവെപ്പിൽ ആയിരത്തിലേറെ പേർ കൊല്ലപ്പെട്ടുവെന്നും രാത്രിയുടെ മറവിൽ അവരെ കൂട്ടത്തോടെ കുഴിച്ചുമൂടിയെന്നുമാണ് മുത്തഹിദ മജ്‌ലിസെ അമൽ നേതാക്കളുടെ ആരോപണം. മൻസൂറയിലെ ആസ്ഥാനത്ത് കഴിഞ്ഞ വെള്ളിയാഴ്ച നടത്തിയ ജുമുഅ ഖുത്ബയിൽ പാക് ജമാഅത്തെ ഇസ്‌ലാമി അമീർ ഖാദി ഹുസൈൻ അഹ്മദ് ഇക്കാര്യം എടുത്തു പറഞ്ഞു.

പാകിസ്താനിൽ അസാധാരണമായ പലതും നടക്കുന്നുണ്ട് എന്നതിലേക്കുതന്നെയാണ് ലാൽ മസ്ജിദ് സംഭവവും തുടർ നടപടികളും വിരൽചൂണ്ടുന്നത്. അധികാരമൊഴിഞ്ഞാൽ ശിഷ്ടജീവിതം വാഷിംഗ്ടണിലല്ലാതെ പാകിസ്താനിൽ ഒരിടത്തും ജീവിച്ചുതീർക്കാൻ കഴിയാത്തിടത്തോളം മുശർറഫിന്റെ നില പരിതാപകരമാണ്. സൈന്യത്തിനും ജനങ്ങൾക്കുമിടയിൽ വ്യക്തമായ വേർതിരിവ് ഉണ്ടായിക്കഴിഞ്ഞു. വേണമെങ്കിൽ ഒരു തുള്ളി ചോര പോലും ഒഴുക്കാതെ ലാൽ മസ്ജിദ് സംഭവം ഒതുക്കിത്തീർക്കാൻ കഴിയുമായിരുന്നു. പക്ഷേ അമേരിക്ക കുനിയാൻ പറയുമ്പോഴൊക്കെ ചേരയെ പോലെ ഇഴഞ്ഞ മുശർറഫ് ഒറ്റയാളാണ് ഈ നരനായാട്ടിന്റെ ഉത്തരവാദി. ലാൽ മസ്ജിദിലേക്ക് മധ്യസ്ഥനെ പറഞ്ഞയച്ചത് ലോകത്തെ വീഡ്ഢീകരിക്കാനായിരുന്നെന്നും കൂട്ടക്കൊല മുശർറഫ് നേരത്തേ പ്ലാൻ ചെയ്തിരുന്നുവെന്നുമാണ് ആരോപണമുയരുന്നത്. മധ്യവർത്തികൾ മുന്നോട്ടുവെച്ച നിർദേശങ്ങൾ മസ്ജിദിലുള്ളവർ അംഗീകരിച്ചിരുന്നുവെങ്കിലും ഗാസിയുടെ ടെലിഫോൺ 'ജാമർ' ഉപയോഗിച്ച് ബന്ധ് ചെയ്ത് അദ്ദേഹത്തിന് മറുപടി പറയാനുള്ള അവസരം സൈന്യം നിഷേധിക്കുകയാണ് ചെയ്തതെന്നും *ടൈംസ് ഓഫ് ഇന്ത്യ* റിപ്പോർട്ട് ചെയ്യുന്നു. സമാധാനപരമായ മുഴുവൻ മാർഗങ്ങളും മുശർറഫ് അടച്ചുകളയുകയാണ് ചെയ്തതെന്ന് ഖാദി ഹുസൈൻ അഹ്മദ് ചൂണ്ടിക്കാട്ടുന്നു. അമേരിക്കയിൽ പ്രതിഛായ ഇടിയുമ്പോൾ ഇറാഖിൽ രക്തസേവ നടത്തുന്ന സ്വന്തം യജമാനനെ അനുകരിക്കുകയാണോ 'മുഷ്' ചെയ്തത്? വാസ്തവം എന്തായിരുന്നാലും ഇസ്‌ലാമാബാദ് നഗരം ഇനിയൊരിക്കലും പഴയതുപോലെയാവില്ലെന്നാണ് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത്. അമേരിക്ക ഉള്ളാലെ ആഗ്രഹിക്കുന്നതു പോലെ ഏതു സമയത്തും നഗരത്തിൽ ചാവേർ ആക്രമണങ്ങളുണ്ടാവാം. മറ്റു നഗരങ്ങളിലും അതാവർത്തിച്ചേക്കും. അസ്വസ്ഥബാധിത പ്രദേശങ്ങളിലൂടെയാണല്ലോ ബുഷ് 'ഭീകരവിരുദ്ധ സമര'ത്തിന്റെ ഇരുട്ട് പരത്താനെത്തുക. പാകിസ്താനിൽ ജനാധിപത്യത്തിന് മടങ്ങിയെത്താനുള്ള അവസരം ഇല്ലാതാവുമെന്നുപോലും ആശങ്കിക്കുന്നവരുണ്ട്. അറിഞ്ഞുകൊണ്ട് ഇതിനെല്ലാം വഴിയൊരുക്കുകയാണോ മുശർറഫ്? ■